(സി) ഇതു സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതി എന്ത് ശുപാർശയാണ് നല്കിയിരുന്നത് എന്നറിയിക്കുമോ;

(ഡി) വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം അംഗികരിച്ച വൺ റാങ്ക് വൺ പെൻഷൻ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി&ഡി) മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കുവാൻ നടപടി

171(1428) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ നടപ്പിലാക്കുവാൻ പോകുന്ന ശമ്പള പരിഷ്കരണ ശിപാർശയിൽ ഹയർസെക്കന്ററി അദ്ധ്യാപകരുടെ ശമ്പള സ്കെയിൽ, നേരത്തെ ഉള്ള ഇവരുടെ സമാന തസ്തികയിലുള്ളവരുടെ ശമ്പള സ്കെയിലിൽ നിന്നും താഴ്ത്തിയാണ് ശിപാർശചെയ്യപ്പെട്ടിട്ടുള്ളതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അനോമലി പരിഹരിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ :

ഉത്തരം

(എ&ബി) മന്ത്രിസഭാ ഉപസമിതിയും ധനകാര്യവകുപ്പും ശമ്പള പരിഷ്കരണ റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

മുൻ സർക്കാർ ശമ്പളം പരിഷ്ക്കരിച്ചപ്പോൾ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

172(1429) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പളം പരിഷ്ക്കരിച്ചപ്പോൾ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അനോമലികൾ പരിഹരിച്ചതിലൂടെ ജീവനക്കാരുടെ നഷ്ടപ്പെട്ടിരുന്ന എന്തെല്ലാം ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ജീവനക്കാർക്ക് എത്ര ഗഡു ഡി.എ കൾ അനുവദിച്ചു. വിശദാംശം ലഭ്യമാക്കുമോ; ഡി. എ. അനുവദിച്ചതിന്റെ ഉത്തരവുകൾ ലഭ്യമാക്കുമോ;

ഉത്തരം

(എ) 2006-ൽ പേ അനോമലി റെക്റ്റിഫിക്കേഷൻ സെൽ എന്ന സെക്ഷൻ രൂപീകരിച്ചു. 19-6-2007-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ262/07/(59)/ ധന. നമ്പർ സർക്കാർ ഉത്തരവു പ്രകാരം ആദ്യത്തെ ആറ്(6) ശമ്പള സ്കെയിലുകൾ ഉയർത്തുകയുണ്ടായി. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ലഭിച്ച എല്ലാ പരാതികളും പരിശോധിക്കുകയും അർഹമായവയിൻമേൽ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 2006 ശമ്പള പരിഷ്ക്കരണത്തിലൂടെ ജീവക്കാരുടെ യാതൊരു ആനുകൂല്യങ്ങളും നഷ്ടപ്പെട്ടിരുന്നില്ല.

(സി) ഈ സർക്കാർ അധസകാരത്തിൽ വന്നതിനുശേഷം സർക്കാർ ജീവനക്കാർക്ക് ഡി.എ 12 ഗഡുക്കൾ 9 തവണയായി അനുവദിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനക്ഷർ-1 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡി. എ. അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിച്ചവർക്കുള്ള ആനുകൂല്യങ്ങൾ

173(1430) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിച്ച് പെൻഷൻ വാങ്ങുന്ന എത്രപേർ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിച്ചവർക്ക് ഫാമിലി പെൻഷൻ, മെഡിക്കൽ, കമ്മ്യൂട്ടേഷൻ എന്നിങ്ങനെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചതിന് പ്രത്യേക കാലാവധി നിഷ്കർഷിച്ചിട്ടുണ്ടോ ഈ ആനുകൂല്യങ്ങൾ എല്ലാവർക്കും ബാധകമാണോ എന്ന് വ്യക്തമാക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിച്ചവരുടെ പെൻഷൻ പരിഷ്കരിക്കുന്നതിന് ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൽ എന്തെങ്കിലും നിർദ്ദേശം ഉണ്ടോ ഇല്ലെങ്കിൽ അതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിച്ച് പെൻഷൻ വാങ്ങുന്ന 903 പേർ ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly